രജിസ്ട്രേഷൻ 2005 ജൂലൈ മാസം 1 മുതൽ 31 വരെ സംസ്ഥാന ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും താലൂക്ക് വ്യവസായ ഓഫീസുകളിലും നടന്നു. 43070 പേർ രജിസ്റ്റർ ചെയ്തു. ഇതിൽനിന്നും വിവിധ തലത്തിലുള്ള സ്ക്രീനിംഗിനു ശേഷം 29,641 അപേക്ഷകൾ തെരഞ്ഞെടുത്തിട്ടുണ്ട്. ഈ സംരംഭങ്ങൾക്ക് 'പ്രത്യാശ' പദ്ധതിയിലൂടെ താഴെ പറയുന്ന സേവനങ്ങൾ ലഭ്യമാക്കി പ്രവർത്തന സജ്ജമാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്:

1. വിജയസാധ്യതയുള്ള പദ്ധതിയിലൂടെ ആവിഷ്കാരത്തിനുള്ള സഹായം.
2. സാങ്കേതിക ഉപദേശവും വിദഗ്ദ്ധ പരിശീലനവും
3. പദ്ധതിയുടെ പ്രോജക്ട് തയ്യാറാക്കാനുള്ള സഹായം
4. ഏക ജാലകം വഴി സമയബന്ധിത ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുക
5. പദ്ധതിക്കാവശ്യമായ മൂലധനം ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുവാനുള്ള സഹായം
6. വ്യാവസായികാവശ്യത്തിനുള്ള സർക്കാർ സ്ഥലം മുൻഗണനാടിസ്ഥാനത്തിൽ ലഭ്യമാക്കുക.
7. വ്യാവസായിക സബ്സിഡി, മാർജിൻമണി ലോൺ ഇവ സമയബന്ധിതമായി, നിലവിലുള്ള ബന്ധപ്പെട്ട നിയമങ്ങൾക്കനുസൃതമായി ലഭ്യമാക്കുക
8. ഉല്പന്നങ്ങളും സേവനങ്ങളും വിപണനം ചെയ്യുവാനുള്ള സൗകര്യം ഒരുക്കുക
9. വ്യാവസായിക ക്ലസ്റ്റർ രൂപീകരണം, അസംസ്കൃതവസ്തു സംഭരിക്കുവാനുള്ള പദ്ധതി, പൊതുവിപണന സമ്പ്രദായം എന്നിവ ഒരുക്കുക തുടങ്ങിയവയാണ്.

(സി) പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാനത്ത് 43000-ത്തോളം സംരംഭങ്ങൾ വ്യവസായ വകുപ്പിന് അപേക്ഷനൽകി. ഇവയിൽ നെഗറ്റീവ് ലിസ്റ്റിൽപ്പെടാത്ത സംരംഭങ്ങൾക്ക് വ്യവസായ വകുപ്പ് നൽകിവരുന്ന മാർജിൻമണി വായ്പ, സംസ്ഥാന മൂലധന സബ്സിഡി തുടങ്ങിയ ആനുകൂല്യങ്ങൾ നൽകുന്നതാണ്.

(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിറ്റഴിക്കുന്ന നടപടി

17 (171) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001-02 മുതൽ 2005-06 വരെയുള്ള കാലയളവിൽ സംസ്ഥാനത്തെ ഏതെങ്കിലും പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിറ്റഴിക്കുകയുണ്ടായോ :

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ കാലയളവിൽ ഏതെല്ലാം കമ്പനികളുടെ എത്ര കോടി രൂപയുടെ ഓഹരി വിറ്റഴിക്കുകയുണ്ടായി ;

(സി) കേരള സർക്കാരിന് ഓഹരി പങ്കാളിത്തമുള്ള ഏതെല്ലാം കമ്പനികളുടെ ഓഹരികളാണ് സർക്കാർ വിറ്റഴിച്ചിട്ടുള്ളത് ;

(ഡി) ഈ കാലയളവിൽ ഉല്പാദനരംഗത്തുള്ള ഏതെങ്കിലും കമ്പനിയിൽ സർക്കാർ പുതുതായി ഓഹരി എടുക്കുകയുണ്ടായോ; എങ്കിൽ എത്ര ?

ഉത്തരം

(എ) ഇല്ല.

(ബി&സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിന്റെ ഭാഗമായി കേരള ഇലക്ട്രിക്കൽസ് ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനിക്ക് സർക്കാർ നൽകിയിരുന്ന 17.21 കോടി രൂപയുടെ വായ്പ 8-12-2003-ലെ (എംഎസ്.) നമ്പർ 144/2003/വ്യവ. ഉത്തരവ് പ്രകാരം ഓഹരിമൂലധനമായി മാറ്റി നൽകുകയുണ്ടായി. കൂടാതെ ട്രാക്കോ കേബിൾ കമ്പനി സർക്കാരിനു നൽകേണ്ടിയിരുന്ന 1067.87 ലക്ഷം രൂപ 9-10-2005-ലെ (എംഎസ്.) 136/2005/വ്യവ. നമ്പർ ഉത്തരവ് പ്രകാരം കമ്പനിയിൽ സർക്കാരിന്റെ മൂലധനമായി മാറ്റിയിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളിലെ പി.എസ്.സി. വഴിയല്ലാതെയുള്ള നിയമനങ്ങൾ

16 (172) ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ ഓരോന്നിലും യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എസ്.സി. വഴി അല്ലാതെ നേരിട്ട് നിയമനങ്ങൾ നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളിൽ ഏതെല്ലാം തസ്തികകളിൽ എന്തെല്ലാം വ്യവസ്ഥകളിൽ എത്ര കാലത്തേക്ക്, എത്ര പേരെവീതം, താൽക്കാലികമായോ സ്ഥിരമായോ, ദിവസക്കൂലി അടിസ്ഥാനത്തിലോ നിയമിക്കുകയുണ്ടായി ;

(സി) താൽകാലികമായി നിയമിക്കപ്പെട്ട എത്രപേരെ പിന്നീട് റഗുലറൈസ് ചെയ്യുകയുണ്ടായിയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly